II. ADJOURNMENT MOTION

LOCK OUT IN THE PUTHUCODE BRANCH OF THE No. 100 BEEDI COMPANY, PALGHAT

ഡെപ്യൂട്ടി സ്പീക്കർ : ആർഡർ, ആർഡർ, ഒന്നുരണ്ട് അടിയന്തിര പ്രമേയങ്ങൾക്ക് നോട്ടീസ് കിട്ടിയിട്ടുണ്ട്. അത് ഞാൻ വായിക്കാം.

18-9-1969- മുതൽ പാലക്കാട് 100-ാം നമ്പർ ബീഡി കമ്പനിയുടെ പൂക്കുക്കോട് ബ്രാഞ്ചു് ലാക്കൗട്ട് ചെയ്തതിനെത്തുടർന്ന് 29-9-1969 മുതൽ പാലക്കാട്ടും പരിസരങ്ങളിലുമുള്ള 500-ഓളം ബീഡിത്തൊഴിലാളികൾ നടത്തിവരുന്ന പണിമുടക്കു സമരംമൂലം 500 കുടുംബങ്ങളെ മുഴുപട്ടിണിയിലേക്ക് തള്ളിവിട്ട അടിയന്തിര പ്രാധാന്യമുള്ള സംഭവത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് ഇന്നത്തെ സഭാ നടപടികൾ നിറുത്തിവയ്ക്കണമെന്നു കാണിച്ച് ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്) റൂൾ 49 അനുസരിച്ച് ഒരു നോട്ടീസ് തന്നിട്ടുണ്ട്.

ശ്രീ. കെ. കരുണാകരൻ : ചോദ്യോത്തരം കഴിഞ്ഞ ഉടനെ ബഹുമാനപ്പെട്ട തൊഴിൽമന്ത്രി ഇന്നലെ നടന്ന സംഭവത്തെ സംബന്ധിച്ച് ഒരു വിശദീകരണം കൊടുക്കണമെന്നു പറഞ്ഞിട്ടുണ്ട്. അതു കഴിഞ്ഞതിനുശേഷം ബാക്കി കാര്യങ്ങൾ സംസാരിച്ചാൽ മതി.

ഡെപ്യൂട്ടി സ്പീക്കർ : ഇതൊന്നു കഴിഞ്ഞോട്ടെ.

തൊഴിൽ മന്ത്രി (ശ്രീ. മത്തായി മാഞ്ഞൂരാൻ): ഈ കാര്യത്തെപ്പറ്റി കൂടുതൽ അന്വേഷിച്ച് നാളെ മറുപടി പറയാം.

ശ്രീ. ബേബി ജോൺ : ഇന്നലെ നടന്ന സംഭവത്തെ സംബന്ധിച്ച് അങ്ങ് സഭാനേതാവുമായി ആലോചിച്ച് ഒരു തീരുമാനമെടുത്ത് സഭയെ അറിയിക്കുന്നതാണെന്നു പറഞ്ഞിരുന്നു. ഇന്നലെ ഇതേ സംബന്ധിച്ച് ഇവിടെ ചർച്ച വന്ന അവസരത്തിൽ തൊഴിൽകാര്യമന്ത്രി ഇവിടെ ഇല്ലായിരുന്നു. ഈ സംഭവത്തെ സംബന്ധിച്ച് അദ്ദേഹത്തിന് പറയാനുണ്ടായിരുന്നത് കേൾക്കാനുള്ള അവസരം ഈ സഭയ്ക്ക് ലഭിച്ചിട്ടില്ല. ഈ പരിതസ്തിതിയിൽ അങ്ങ് എന്തു നടപടി സ്വീകരിച്ചു, നിയമസഭയുടെ പൊതുവായ അഭിപ്രായത്തെ ആദരിച്ചുകൊണ്ട് എന്തു നിലപാട് സ്വീകരിക്കുന്നു എന്നു അറിയാനുള്ള അവകാശം ഞങ്ങൾക്കുണ്ട്.

ഡെപ്യൂട്ടി സ്പീക്കർ : ഇതു കഴിഞ്ഞിട്ട് അതേക്കുറിച്ച് സംസാരിക്കാം.

III. CALLING ATTENTION UNDER RULE 61

CAPSIZING OF A FISHING BOAT IN AZHIKODE LOCK

ഡെപ്യൂട്ടി സ്പീക്കർ : പുറംകടലിൽ മൽസ്യം പിടിക്കുന്നതിനു പോയി തിരിച്ചുവന്ന ഒരു ബോട്ട് 1969 സെപ്റ്റംബർ 26-ാം തീയതി അഴീക്കോട് തുറമുഖത്തുവച്ച് ആഴക്കുറവുമൂലം മണലിൽത്തട്ടി മറിഞ്ഞതുമൂലം ബോട്ടിലുണ്ടായിരുന്ന തൊഴിലാളികൾക്ക് പരിക്കുപറ്റി ആശുപത്രിയിൽ പ്രവേശിപ്പിക്കുകയുണ്ടായി. ബോട്ട് അലയടിയേറ്റ് അപ്രത്യ

LIBRARY ARCHIVES Kerala Legislative Assembly

[ഡെപ്യൂട്ടി സ്പീക്കർ]

ക്ഷമാകുകയും ചെയ്തു. ഈ തുറമുഖത്ത് മണ്ണിടിഞ്ഞുവീഴുന്നതുമൂലം ഇതിനുമുൻപും പല അപകടങ്ങളും ഉണ്ടായിട്ടുണ്ട്. നൂറുകണക്കിന് യന്ത്രവൽക്കൃത ബോട്ടുകളിലും മറ്റുമായി ആയിരക്കണക്കിന് ആളുകൾ ദിനംപ്രതി കടലിൽ പോകുന്ന ഈ തുറമുഖത്ത് അടിയന്തിരമായി ഡ്രഡ്ജിംഗ് നടത്താത്തപക്ഷം കൂടുതൽ അപകടങ്ങൾ സംഭവിക്കാൻ ഇടയുണ്ട് എന്ന സംശയത്തിലേക്ക് ബഹുമാനപ്പെട്ട പഞ്ചായത്തും സാമൂഹ്യവികസനവും മന്ത്രിയുടെ ശ്രദ്ധയെ ക്ഷണിക്കുന്നതിനുവേണ്ടി റൂൾ 61 അനുസരിച്ച് ശ്രീ. ഏ. എസ്. പുരുഷോത്തമൻ ഒരു നോട്ടീസ് നൽകിയിട്ടുണ്ട്.

വിദ്യാഭ്യാസമന്ത്രി, (ശ്രീ. സി. എച്ച്. മുഹമ്മദ്കോയ): നാളെ ഇതിനു മറുപടി പറയാം.

വനംവ്യവസായമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി): ബഹുമാനപ്പെട്ട ബേബി ജോൺ ഇവിടെ ചൂണ്ടിക്കാണിച്ച ഒരു വസ്തുത ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ലീഡർ ആഫ് ദി ഹൗസുമായി ആലോചിച്ച് ഈ പ്രശ്നത്തിനു ഒരു തീരുമാനമെടുക്കുമെന്നു പറയുകയുണ്ടായി. സഭയുടെ തീരുമാനം ഞാൻ വായിക്കാം. ഇന്നലത്തെ ബുള്ളറ്റിന്റെ ഒരു ഭാഗം ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

The Deputy Speaker assured the House that he would take appropriate steps in consultation with the Leader of the House and the other Leaders of Parties.

ഇതാണ് തീരുമാനം. ആ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽകൂടി എന്നു പറയുകയല്ലാതെ ലീഡർ ആഫ് ദി ഹൗസും ഡെപ്യൂട്ടി സ്പീക്കറും മാത്രംകൂടി എന്നുള്ള നിലയിൽ പറയരുത്.

ഡെപ്യൂട്ടി സ്പീക്കർ: പാർട്ടിനേതാക്കൻമാരുമായി ഈ പ്രശ്നം ചർച്ച ചെയ്തപ്പോൾ അവരുടെ അഭിപ്രായം അവർ വ്യക്തമായി പറഞ്ഞു. ബഹുമാനപ്പെട്ട മന്ത്രിയുടെ ഇന്നലത്തെ പെരുമാറ്റവും മറ്റും ശരിയല്ലെന്നു പാർട്ടി നേതാക്കൻമാർ പറഞ്ഞതനുസരിച്ച് അദ്ദേഹം ഇന്നു ഇവിടെ ഒരു പ്രസ്താവന ചെയ്യാമെന്ന് പറഞ്ഞിട്ടുണ്ട്. അതിനുവേണ്ടി ഞാൻ അദ്ദേഹത്തെ ക്ഷണിക്കുകയാണ്.

തൊഴിൽമന്ത്രി (ശ്രീ. മത്തായി മാഞ്ഞൂരാൻ), എനിക്ക് പ്രകോപനം വരുന്ന യാതൊന്നും പറഞ്ഞിട്ടില്ലെന്ന് ശ്രീമാൻ ജോർജജ് ഈ സഭയെ അറിയിച്ചിട്ടുണ്ടെന്ന് അങ്ങും മറ്റുള്ളവരും പറഞ്ഞതനുസരിച്ച് ഞാൻ അതിൽ കവിഞ്ഞ് പറഞ്ഞിട്ടുള്ള എല്ലാ കാര്യങ്ങളും പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. ജോൺ ജേക്കബ്ബ്: പിൻവലിച്ചിരിക്കുന്നു എന്നു പറഞ്ഞത് ശരിയല്ല. അവഹേളനപരമായി bloody fool, damn fool, your life is at stake.....

എന്നൊക്കെ പറഞ്ഞിട്ട് അത് പിൻവലിച്ചാൽ മതിയോ? ഇത് സഭയോടു കാണിക്കുന്ന മര്യാദകേടാണ്. അതുകൊണ്ട് മന്ത്രി ക്ഷമ ചോദിക്കണം.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: എല്ലാ പാർട്ടി നേതാക്കൻമാരുമായി ആലോചിച്ച് അതിന്റെ അടിസ്ഥാനത്തിൽ ഒരു പ്രസ്താവന ചെയ്യുമെന്നു പറഞ്ഞു. ആ പ്രസ്താവന ചെയ്തുകഴിഞ്ഞതിനുശേഷം പിന്നീട് അതേസംബന്ധിച്ച് ചർച്ചയോ പരാമർശമോ ഉണ്ടാകുന്നത് ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഈ സമയം ശ്രീ. കെ. എം. മാണി. ശ്രീ. കെ. ടി. ജോർജ്ജ്, ശ്രീ. ജെ. എ. ചാക്കോ, ശ്രീ. ജോൺ ജേക്കബ്ബ് തുടങ്ങിയ മെമ്പർമാർ ചാടിയെഴുന്നേറ്റ് ഉച്ചത്തിൽ അലറികൊണ്ട് മന്ത്രി മാപ്പു ചോദിക്കണം, മാപ്പ് ചോദിക്കണം എന്നു വിളിച്ച് ബഹളം കൂട്ടിക്കൊണ്ടിരുന്നു. സഭയിൽ ആകെ ബഹളമായി. യാതൊന്നും കേൾക്കാൻ സാധിക്കാത്ത വിധത്തിൽ പലതും വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു.)

ഡെപ്യൂട്ടി സ്പീക്കർ : ഇങ്ങനെ കിടന്നു ബഹളമുണ്ടാക്കാതെ ആരെങ്കിലും ഒരാൾ കാര്യം വല്ലതും ഉണ്ടെങ്കിൽ പറയണം.

ശ്രീ. കെ. കരുണാകരൻ : ഇന്നലെ പാർട്ടി നേതാക്കൻമാരുടെ കാൺഫറൻസ് വിളിച്ചുകൂട്ടിയതിൽ ഞങ്ങളുടെ നിലപാട് എന്താണെന്നുള്ളത് വ്യക്തമാക്കിയിട്ടുണ്ടായിരുന്നു. തൊഴിൽമന്ത്രിക്ക് എന്താണ് പറയാനുള്ളതെന്നുവച്ചാൽ അത് അസംബ്ലിയിൽ പറയണമെന്നുള്ളതായിരുന്നു. ഇവിടെ തൊഴിൽ കാര്യമന്ത്രി നൽകിയ വിശദീകരണം തീർച്ചയായും conditional ആണ്. ശ്രീ. ജോർജ്ജ് അങ്ങനെ ഉദ്ദേശിച്ചല്ല പറഞ്ഞതെന്നു ഇവിടെ പറഞ്ഞതനുസരിച്ച്..... എന്നു കണ്ടീഷണലായി പറഞ്ഞു പിൻവലിക്കുന്നത് ശരിയല്ല. ഈ സഭയിലെ ഒരു പ്രധാനപ്പെട്ട കക്ഷിയുടെ നേതാവിനെ ഇത്രയും അശ്ലീലമായ ഭാഷയിൽ ഭീഷണിപ്പെടുത്തുകയും അതുപോലെതന്നെ ജീവനെ അപകടപ്പെടുത്തുമെന്നു പറയുകയും ചെയ്തതിനു ശേഷം അദ്ദേഹം എന്തോ പറഞ്ഞത് അങ്ങനെയാണെന്നു ധരിച്ചുകൊണ്ടാണ് താൻ പറഞ്ഞതെന്നു പറഞ്ഞ് പിൻവലിക്കുന്നത് ഒരിക്കലും സ്വീകാര്യമല്ല. ഇത് സഭയുടെ അന്തസ്സിനെ ബാധിക്കുന്ന പ്രശ്നമാണ്. അദ്ദേഹം ചെയ്തത് തെറ്റാണെന്ന് അദ്ദേഹത്തിന്റെ മനസ്സാക്ഷിക്ക് തോന്നുകയാണെങ്കിൽ അദ്ദേഹം മാപ്പു ചോദിക്കുന്നത് ഈ സഭയുടെയും അദ്ദേഹത്തിന്റേയും അന്തസ്സ് വർദ്ധിപ്പിക്കുകയേ ചെയ്യുകയുള്ളൂ, അതുകൊണ്ട് അദ്ദേഹം മാപ്പു ചോദിക്കുന്നതാണ് ഈ സഭയുടെ അന്തസ് നിലനിറുത്താനുള്ള ഏക മാർഗ്ഗം.

ശ്രീ. ആർ. എസ്. ഉണ്ണി : ഒരു കീഴ്വഴക്കം ഇതുമൂലം സഭയിൽ ഉണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. എന്തു പറഞ്ഞാലും അതു പിന്നീട് പിൻവലിക്കുന്നതാണ് അനന്തര നടപടിയെന്നുണ്ടെങ്കിൽ നമ്മുടെ തൊഴിൽമന്ത്രിയും മറ്റു ആളുകളുമൊക്കെ പറയുന്നത് പിന്നീട് പിൻവലിക്കുന്നത് കുഴപ്പമായിത്തീരും. ഇത് സഭയുടെ അന്തസ്സിന്റെ പ്രശ്നമാണ്. അദ്ദേഹം കുഷോഭത്തിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും പറഞ്ഞിട്ടുള്ളത് തെറ്റാണെന്നു അദ്ദേഹത്തിനു ബോദ്ധ്യമുണ്ടെങ്കിൽ അത് പിൻവലിച്ച് മാപ്പ് പറയുന്ന ഉത്തമമായ നടപടി മന്ത്രി സ്വീകരിക്കണം.

ശ്രീമതി കെ. ആർ. ഗൗരി : സർ, ഇന്നലെ ഇതേപ്പറ്റി ചർച്ച നടന്നതാണ്. കമ്മിറ്റി തുടർന്ന അവസരത്തിൽ ഞാൻ ഇല്ലായിരുന്നു. അതു കഴിഞ്ഞതിനുശേഷം വൈകുന്നേരം വീണ്ടും കൂടി. കൂടി കഴിഞ്ഞപ്പോഴാ ഇങ്ങനെ പറയാൻ പ്രേരിപ്പിച്ച സംഗതികളെ സംബന്ധിച്ച് സംസാരിച്ചു. ശ്രീ. ജോർജ് അങ്ങനെ യാതൊന്നും ഉദ്ദേശിച്ചല്ല പറഞ്ഞതെന്ന് നിയമസഭയിൽ പറയുകയുണ്ടായി എന്ന് ഞാൻ മാഞ്ഞൂരാനോടു പറയുകയും ചെയ്തു. ശ്രീ. ജോർജ് മന്ത്രിയെ ഭീഷണിപ്പെടുത്താനോ കളിയാക്കാനോ ഉള്ള വിധത്തിൽ ഒന്നും പറഞ്ഞിട്ടില്ല എന്നെല്ലാം ഞാൻ മന്ത്രിയോടു പറഞ്ഞതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ജോൺ ജേക്കബ് : പച്ചക്കള്ളമാണ്. അവിടെ ഇല്ലാതിരുന്ന മിനിസ്റ്റർ എങ്ങനെയാണ് പറഞ്ഞത്. (ശ്രീ. മാണി ഇ. ജോൺജേക്കബ് തുടങ്ങിയവർ എന്തോ വിളിച്ചു പറഞ്ഞുകൊണ്ടിരുന്നു.)

ഡെപ്യൂട്ടി സ്പീക്കർ : ഓർഡർ, ഓർഡർ.

ശ്രീമതി. കെ. ആർ. ഗൗരി : ഇതുപോലെ ഒരു സംഭവം ഉണ്ടായിട്ടില്ലെന്ന് ശ്രീ. ജോർജ് നിയമസഭയിൽ വന്നു പറഞ്ഞതേ ഞാൻ കേട്ടുള്ളു. ഞാൻ അത് മന്ത്രിയോടു പറഞ്ഞു. ശ്രീ. ജോർജ് മത്തായിയെ കളിയാക്കുന്നതിന് യാതൊന്നും ചെയ്തിട്ടില്ലെന്നാണ് പറഞ്ഞത്. തെറ്റിദ്ധരിച്ചാണ് മന്ത്രി പറഞ്ഞതെങ്കിൽ അതു തെറ്റാണ്. അതുകൊണ്ട് പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടു. അതുപ്രകാരം അദ്ദേഹം പിൻവലിച്ചിരിക്കുകയാണ്. ശ്രീ. ആർ. എസ്. ഉണ്ണി പറഞ്ഞു ഇതൊരു കീഴ്വഴക്കം സൃഷ്ടിക്കുകയായിരിക്കും, എന്തെങ്കിലും പറഞ്ഞിട്ട് അത് പിൻവലിച്ചാൽ മതിയല്ലോ എന്ന്. അദ്ദേഹം പറഞ്ഞതുകൊണ്ട് പറയുകയാണ്. പിൻവലിക്കൽ വളരെ നിസ്സാരമായ കാര്യമാണെന്നു ശ്രീ. ഉണ്ണിയെപ്പോലെയുള്ള ആളുകൾ പറയുമ്പോൾ എന്നെ സംബന്ധിച്ചിടത്തോളമാണെങ്കിൽ പിൻവലിയ്ക്കൽ എന്നു പറയുന്നത് ചെറിയ നിസ്സാരമായ പ്രശ്നമല്ല.

ശ്രീ. ആർ. എസ്. ഉണ്ണി : പിന്നെ നാളെ മുതൽ പിൻവലിയ്ക്കൽ നടക്കാൻ പോവുകയാണ്.

(ശ്രീ. ഇ. ജോൺ ജേക്കബ്, കെ. എം. മാണി, ജെ. എ. ചാക്കോ എന്നിവർ എഴുന്നേറ്റുനിന്ന് ബഹളം ഉണ്ടാക്കി.)

ഡെപ്യൂട്ടി സ്പീക്കർ : ഇവിടെ സഭാനേതാവ് എഴുന്നേറ്റു നിൽക്കുകയാണ്.

ശ്രീ. കെ. എം. മാണി : ഏതു സഭാനേതാവാണ് ?

ശ്രീ. ഇ. ജോൺ ജേക്കബ് : ഇത് തീർച്ചയായിട്ടും ശരിയല്ല, സർ

ശ്രീ. ആർ. എസ്. ഉണ്ണി : പിൻവലിച്ചാൽ മതിയെങ്കിൽ അത് ഇപ്പോൾ മുതൽ ആരംഭിക്കാം.

(സഭയിൽ ബഹളം)

ശ്രീമതി. കെ. ആർ. ഗൗരി : നിയമസഭയിൽ ഒരാൾ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ

(കെ. എം. മാണി, ആർ. എസ്. ഉണ്ണി, ഇ. ജോൺ ജേക്കബ്, ജെ. എ ചാക്കോ മുതലായവർ എഴുന്നേറ്റുനിന്ന് പിൻവലിക്കൽ മാത്രം പോരാ മാപ്പു പറയണം, അല്ലെങ്കിൽ സഭ നടത്താൻ സാദ്ധ്യമല്ല എന്നു പറയുന്നു. അതുപോലെ തന്നെ ശ്രീ. ഇ. അഹമ്മദ്, എൻ. കെ. ശേഷൻ തുടങ്ങിയവർ ''ഇതു നീതികരിക്കാൻ സാദ്ധ്യമല്ല'' എന്നു പറഞ്ഞു.)

ശ്രീ. ഇ. ജോൺ ജേക്കബ് : എന്തെങ്കിലും പറഞ്ഞിട്ട് പിൻവലിച്ചു എന്നു പറയുന്നത് ഒരുകാലത്തും സാദ്ധ്യമല്ല.

ഡെപ്യൂട്ടി സ്പീക്കർ : ഓർഡർ, ഓർഡർ, അവിടെ ഇരിക്ക്.

ശ്രീ. ബി. മാധവൻ നായർ: സ്പീക്കർ എഴുന്നേറ്റു നിൽക്കുമ്പോൾ ഈ സഭയിലെ ആരുതന്നെ എഴുന്നേറ്റു നിന്നാലും പാർലിമെന്ററി മര്യാദയനുസരിച്ച് അവരുടെ പേരിൽ കർശനമായ നടപടികളെടുക്കാതിരിക്കുന്നത് എന്തുകൊണ്ടാണെന്നു റൂളിംഗ് നൽകണം.

ഡെപ്യൂട്ടി സ്പീക്കർ : ഇതിനെ സംബന്ധിച്ച് റൂളിംഗ് നൽകിയാൽ വളരെ കൂടുതൽ പറയേണ്ടി വരും.

ശ്രീമതി. കെ. ആർ. ഗൗരി : ഞാൻ സംസാരിക്കുന്നത് എന്റെ അഭിപ്രായമാണ്. മാണിയുടേതല്ല; ഓരോരുത്തരുടെയും അഭിപ്രായം

ശ്രീ. കെ. എം. മാണി : സഭയുടെ അഭിപ്രായമാണ് പറയേണ്ടത്.

ശ്രീ. ഇ. ജോൺ ജേക്കബ് : വേറെയാർക്കും ഒന്നും പറയാൻ സാദ്ധ്യമല്ലാത്ത രീതിയിലുള്ള കീഴ്വഴക്കമുണ്ടാക്കിയത് ആ ഭാഗത്തിരിക്കുന്നവരാണ്.

ശ്രീമതി. കെ. ആർ. ഗൗരി : ഇന്നലെ സംസാരിച്ചു കഴിഞ്ഞിട്ട് ഉണ്ടായ ഒരു ധാരണയാണ്.

ശ്രീ. പി. എം. അബൂബേക്കർ : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട ശ്രീമതി. ഗൗരി എന്റെ അഭിപ്രായമാണെന്നാണ് പറഞ്ഞത്. അത് വ്യക്തിപരമായ അഭിപ്രായമാണ്. സഭാനേതാവെന്നുള്ള നിലയിൽ വ്യക്തമായും ഗവണ്മെന്റിന്റെ അഭിപ്രായമാണോ എന്നുള്ളതിനെ സംബന്ധിച്ച് ഒരു വിശദീകരണം കിട്ടിയാൽ കൊള്ളാം. എന്റെ അഭിപ്രായം എന്നു പറയുന്നത് ആർഡറിലാണോ സഭാനേതാവ് എന്റെ അഭിപ്രായം ആണെന്ന നിലയിൽ സഭയിൽ പറയുന്നതു ശരിയാണോ ?

ഡെപ്യൂട്ടി സ്പീക്കർ : സഭാനേതാവെന്നുള്ള നിലയിലും, വ്യക്തിപരമായും അഭിപ്രായം പറഞ്ഞു.

ശ്രീമതി കെ. ആർ. ഗൗരി : ഇന്നലെ കമ്മിറ്റിയിലുണ്ടായ തീരുമാനമാണ്. ഇങ്ങനെ ഒരു തീരുമാനമെടുക്കുമ്പോൾ ഞാൻ അവിടെ ഇല്ലായിരുന്നു. അർജന്റായി ഒരിടത്തു പോകേണ്ടി വന്നതുകൊണ്ടാണ്. അതു കഴിഞ്ഞതിനുശേഷം ഞാൻ വന്നപ്പോൾ എന്നെ അറിയിച്ചതായ വിവരം ഞാൻ പറയുകയാണ്. മത്തായി മാഞ്ഞൂരാൻ ബാക്കിയുള്ളവരുടെ എല്ലാവരുടെയും അഭിപ്രായമനുസരിച്ച് ഇന്നതു ചെയ്യാമെന്നു പറഞ്ഞിരുന്നു. അദ്ദേഹം അത് ചെയ്യുകയും ചെയ്തു. പിൻവലിയ്ക്കൽ വളരെ നിസ്സാരമായ കാര്യമാണെന്നുള്ള വിധത്തിൽ തീരുമാനിക്കുന്നത് ശരിയല്ല.
(പ്രതിപക്ഷബഞ്ചുകളിൽ ബഹളം)

ശ്രീ. ഇ. അഹമ്മദ് : സർ, ഒരു വിശദീകരണം ആവശ്യപ്പെടുകയാണ്.

ശ്രീമതി കെ. ആർ. ഗൗരി : ഈ വിധത്തിൽ പിൻവലിയ്ക്കൽ വളരെ നിസ്സാരമാണെന്ന വിധത്തിൽ വലിയ ശബ്ദത്തോടുകൂടി പറഞ്ഞാൽ അതു മുഴുവൻ അനുസരിക്കണമെന്നു നിയമസഭാസാമാജികൻമാർ നിർബന്ധം പിടിക്കരുതെന്നാണ് എനിക്കു പറയാനുള്ളത്.

(പ്രതിപക്ഷത്തെ പല മെമ്പർമാരും എഴുന്നേറ്റുനിന്ന് ഉച്ചത്തിൽ ഓരോന്നു വിളിച്ചു പറഞ്ഞു. ഒന്നും വ്യക്തമായി കേൾക്കാൻ സാദ്ധ്യമല്ലായിരുന്നു.)

ശ്രീ. ബേബി ജോൺ : ഇന്നലെ നടന്ന കാര്യങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട സഭാനേതാവ് ഇവിടെ ചില അഭിപ്രായങ്ങൾ പറഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ബേബി ജോൺ]

സഭാനേതാവു തന്നെ പറഞ്ഞു, തീരുമാനമെടുത്ത അവസരത്തിൽ സഭാ നേതാവ് അവിടെ ഇല്ലായിരുന്നു എന്ന്. ഇന്നലെ അവസാനമായി എടുത്ത തീരുമാനം തൊഴിൽ കാര്യമന്ത്രി ശ്രീ. മത്തായിമാഞ്ഞൂരാൻ അദ്ദേഹത്തിനു പറയാനുള്ളത് ഈ സഭയിൽ പറയുക എന്നാണ്. ആ തീരുമാനം എടുക്കുന്ന സമയത്തും വലിയ വാദപ്രതിവാദങ്ങളും വന്നു. ശ്രീമാൻ ജോർജ് ശ്രീമാൻ മാഞ്ഞൂരാനെ അപഹസിച്ചു, കളിയാക്കി ചിരിച്ചു, വീണ്ടും കളിയാക്കി എന്ന് ഇന്നലെ മത്തായിമാഞ്ഞൂരാൻ പറഞ്ഞു. ആ സമ്മേളനത്തിൽ ഉണ്ടായിരുന്ന ഒരാളെന്ന നിലയിൽ അങ്ങനെ ഒരു വാദപ്രതിവാദം അവിടെ നടന്നതായി ഞാൻ കേട്ടില്ല. ഇക്കാര്യം ഞാൻ രണ്ടാമത്തെ സമ്മേളനത്തിലും പറഞ്ഞു. അവസാനമായി തൊഴിൽ കാര്യമന്ത്രിക്ക് ഈ സഭയിൽ എന്തു പറയാനുണ്ടെന്നുള്ളത് അദ്ദേഹം ഈ സഭയിൽ വന്ന് പറയുകയും അതിന്റെ അടിസ്ഥാനത്തിൽ പ്രശ്നങ്ങൾക്ക് ഒരു പരിഹാരമുണ്ടാക്കാമെന്നുമാണ് പൊതുവെ ഉണ്ടായിരുന്ന ധാരണ. ആ ധാരണയുടെ അടിസ്ഥാനത്തിൽ ശ്രീമാൻ മത്തായിമാഞ്ഞൂരാൻ അദ്ദേഹത്തിന്റെ അഭിപ്രായം പറഞ്ഞു. അത് വീണ്ടും അദ്ദേഹം സൂചിപ്പിച്ചു. ശ്രീമാൻ ജോർജ് എന്നെ കളിയാക്കിയില്ലെന്നു പറഞ്ഞതുകൊണ്ടാണ് എന്ന് അദ്ദേഹം പറഞ്ഞു. സഭാനേതാവു പറഞ്ഞ അഭിപ്രായത്തോട് ഞാൻ പൂർണ്ണമായി യോജിക്കുന്നു. പിൻവലിയ്ക്കുക എന്നു പറയുന്നത് ചില ആളുകൾക്ക് വളരെ പ്രയാസമുള്ള കാര്യമാണ്. അത് ഓരോരുത്തരുടെയും അന്തസ്സിന്റെയും അഭിമാനത്തിന്റെയും പ്രശ്നമായി മാറുന്നു. പക്ഷേ നമ്മുടെ ഈ സഭയിലെ ചില നടപടികളെക്കുറിച്ച് ആലോചിച്ചാൽ ചില ബഹുമാനപ്പെട്ട മെമ്പർമാർ എന്തു പറയാനും പറഞ്ഞിട്ട് അതുടനടി പിൻവലിക്കാനും വലിയ വൈഷമ്യമൊന്നും കാണിക്കാത്ത ദയനീയമായ സ്ഥിതിവിശേഷമാണുള്ളത്. ഈ വസ്തുതകൂടി നാം കണക്കിലെടുക്കണം. അതുപോലെ തന്നെ സർ, എന്റെ പാർട്ടി നേതാവ് ഇന്നലെ പറഞ്ഞതുപോലെ മത്തായി മാഞ്ഞൂരാനും, കെ. എം. ജോർജുമായിട്ടുള്ള ഒരു പ്രശ്നമായി ഇതിനെ ചുരുക്കരുത്. ഇത് ഈ സഭയോടു കാണിച്ച അവഹേളനമാണ്. അതുകൊണ്ട് സഭയോടും സഭാനേതാവിനോടും അങ്ങയോടും ഈ തെറ്റിനെക്കുറിച്ച് മാപ്പു പറയുകയാണ് വേണ്ടത്.

ശ്രീ. എൻ. കെ. ശേഷൻ : ഇന്നലെ ഈ പ്രശ്നം ബഹുമാനപ്പെട്ട കെ. എം. ജോർജ് ഇവിടെ ഉന്നയിച്ചതിനെത്തുടർന്ന് വൈകുന്നേരം കമ്മിറ്റി വിളിച്ചു കൂട്ടിയതാണ്. അവിടെ എടുത്ത തീരുമാനം ശ്രീ. മത്തായി മാഞ്ഞൂരാന് ഇതിനെ സംബന്ധിച്ച് എന്തു പറയാനുണ്ട് എന്നു അറിയുന്നതിനുവേണ്ടി വിട്ടുകൊടുക്കണമെന്നുള്ളതാണ്. അദ്ദേഹം അതു പറയുന്നതോടുകൂടി ഇവിടെ ഒന്നും ഉണ്ടാവുകയില്ലെന്നോ ഇതിനെ സംബന്ധിച്ച് തർക്കം വരികയില്ലെന്നോ ഒന്നും ഇന്നലെ എടുത്ത തീരുമാനത്തിൽ ഉണ്ടായിരുന്നില്ല. അദ്ദേഹത്തിന് പറയാനുള്ളത് പറഞ്ഞുകഴിഞ്ഞതിനുശേഷം ഈ സഭയിലെ അംഗങ്ങളുടെ അന്തസ്സിനെ ബാധിക്കുന്ന ഒരു സംഗതിയെന്നുള്ള നിലയിൽ ഈ നിയമസഭയിലെ അംഗങ്ങൾക്ക് അഭിപ്രായം പറയാനുണ്ടെങ്കിൽ അതു പറയാനുള്ള അവകാശം റിസർവുചെയ്തുകൊണ്ടുള്ള തീരുമാനമാണ് എടുത്തത്.

ശ്രീ. ഇ. ജോൺ ജേക്കബ് : ഈ മീറ്റിംഗിൽ പങ്കുകൊണ്ട ആളെന്ന നിലയിൽ എനിക്കു പറയാൻ കഴിയും. ശ്രീ. മത്തായി മാഞ്ഞൂരാൻ

LIBRARY ARCHIVES Kerala Legislative Assembly

കമ്മിറ്റിയിൽ സംസാരിച്ചതുതന്നെ വളരെ പ്രകോപനപരമായ രീതിയിലായിരുന്നു. എന്നെ ഒരു റൂളും ബാധിക്കുകയില്ല.

What are the words he used ? "Bloody fool, damn fool, your life is at stake." Has he got an iota of decency ?

ബഹുമാനപ്പെട്ട വർക്ക്സ് മിനിസ്റ്റർ ദിവാകരൻ പറഞ്ഞത്, ഈ സഭയിൽ ഇന്നലെ ഇതിനെപ്പറ്റി നടന്ന ചർച്ചകളും മുഴുവൻ ശ്രീമാൻ മത്തായി മാഞ്ഞൂരാനു കൊടുക്കുകയും അദ്ദേഹം അത് വായിച്ചു കഴിഞ്ഞിട്ട് ഈ ഹൗസിന്റെ സെൻസ് എന്താണെന്നു ശരിയായിട്ടു മനസ്സിലാക്കി അതിന് ഉചിതമായ മറുപടി അദ്ദേഹം പറയുമെന്നാണ് എന്റെ വിശ്വാസമെന്നാണ്. ഇങ്ങനെ പറഞ്ഞാണ് കമ്മിറ്റി അവസാനം പിരിഞ്ഞത്.

ശ്രീ. മത്തായിമാഞ്ഞൂരാൻ : ഞാൻ പറഞ്ഞതിൽ കവിഞ്ഞൊന്നും ഇന്നലത്തെ ധാരണയനുസരിച്ചും ഇന്നിവിടെ പറഞ്ഞതനുസരിച്ചും എനിക്കു പറയാനില്ല. പിന്നീടിവിടെ ഉന്നയിച്ച കാര്യങ്ങളെക്കുറിച്ച് സഭയിൽ വാദപ്രതിവാദം ചെയ്യണമോ വേണ്ടയോ എന്നുള്ള കാര്യം എനിക്കു പുസ്തകങ്ങൾ നോക്കി അറിയേണ്ടതാണ്.

ശ്രീ. കെ. എം. മാണി : അപ്പോൾ ക്ഷമായാചനം ചെയ്യാൻ തയ്യാറില്ല എന്നാണോ ?

ശ്രീ. ഇ. ജോൺ ജേക്കബ് : തീർച്ചയായും ഈ സഭയോടു കാണിക്കുന്ന അവഹേളനമാണ്.

ശ്രീ. പി. എസ്. ശ്രീനിവാസൻ : ആ പുസ്തകങ്ങൾ ഞങ്ങൾക്കു കൂടി തന്നാൽ ഞങ്ങൾകൂടി വായിച്ചുനോക്കാം.

ഡെപ്യൂട്ടി സ്പീക്കർ : കമ്മിറ്റിയിൽ അവസാനമായിട്ട് ശ്രീ. ദിവാകരനാണ് അഭിപ്രായം പറഞ്ഞത്. അദ്ദേഹം പറഞ്ഞത് എല്ലാ മെമ്പറൻമാരുടെയും നേതാക്കൻമാരുടെയും വികാരങ്ങൾ മന്ത്രി മനസ്സിലാക്കിയിട്ടുണ്ട്. അതനുസരിച്ച് അദ്ദേഹം നാളെ മറുപടി പറയും എന്നാണ്. അതനുസരിച്ചാണ് കമ്മിറ്റി ഇന്നലെ പിരിഞ്ഞത്. ശ്രീ. മാഞ്ഞൂരാൻ ഏതു തരത്തിൽ പറയണമെന്നുള്ള നിർദ്ദേശമൊന്നും കൊടുത്തിരുന്നില്ല. ഇന്നു രാവിലെ ശ്രീ. മാഞ്ഞൂരാൻ എന്നോടു പറഞ്ഞത് ഈ സഭയിൽ ജോർജ് പറഞ്ഞതനുസരിച്ച് ഞാൻ പിൻവലിക്കുന്നു എന്നാണ്. അതനുസരിച്ചാണ് മത്തായിമാഞ്ഞൂരാൻ ഇവിടെ പറഞ്ഞത്. ഇത് എല്ലാവർക്കും തൃപ്തിയാണെങ്കിൽ ക്ലോസ് ചെയ്യുന്നതായിരിക്കും നല്ലതെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. കെ. കരുണാകരൻ : സർ, ഈ വിഷയത്തിൽ ഒരുകാരും വളരെ ഉറപ്പിച്ചു പറയുകയാണ്. ഈ കണ്ടീഷനിലാണെങ്കിൽ ഒരു വിശദീകരണം നൽകേണ്ടതില്ല. ബഹുമാനപ്പെട്ട വർക്ക്സ് മിനിസ്റ്റർ അവസാനം പറഞ്ഞത് സഭയുടെ ടെൻറ്, സഭയുടെ വികാരം എന്താണെന്ന് അറിയണമെന്നാണ്. സഭയെ സംബന്ധിച്ചിടത്തോളം ഈ സഭയിലെ ഒരു കക്ഷിയുടെ നേതാവ് അല്ല സാധാരണ അംഗമായാൽ പോലും ഇത്തരത്തിൽ ഭീഷണിപ്പെടുത്തുകയും അപമാനപ്പെടുത്തുകയും ചെയ്യാൻ പാടില്ലാത്തതായതുകൊണ്ട് ഈ സഭയോട് മാപ്പു പറയുക എന്നതിൽക്കവിഞ്ഞ യാതൊന്നും സ്വീകാര്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

ഡപ്യൂട്ടി സ്പീക്കർ : ഇതേപ്പറ്റി എന്താണു വേണ്ടതെന്നുള്ളതിനെ സംബന്ധിച്ച് ആലോചിച്ചു തീരുമാനിക്കാം.

ശ്രീ. ഇ. ജോൺ ജേക്കബ് : അങ്ങനെ പറഞ്ഞു തള്ളാൻ ഒക്കുകയില്ല.

ശ്രീ. കെ. എം. മാണി : ഇത് ഇങ്ങനെ തീർക്കാൻ ഒക്കുകയില്ല.

ശ്രീ. ഇ. ജോൺ ജേക്കബ്: ഇങ്ങനെയാണെങ്കിൽ ആർക്കും എന്തും പറഞ്ഞിട്ട് പിൻവലിച്ചാൽ മതിയല്ലോ.

"Bloody fool, damn fool, your life is at stake"

എന്നു പറഞ്ഞിട്ട് അത് വിഡ്ഢ്രാ ചെയ്തു എന്നു പറഞ്ഞാൽ എന്താണർത്ഥം. ഡീസൻസിയില്ലേ സർ ? തീർച്ചയായിട്ടും ഇത് ചെയ്തത് തെറ്റാണെന്നു ബോദ്ധ്യമുണ്ടെങ്കിൽ അദ്ദേഹം ക്ഷമ ചോദിക്കണം.

ഡെപ്യൂട്ടി സ്പീക്കർ : തെറ്റാണെന്നു ഒരു പ്രാവശ്യം പറഞ്ഞാൽ മനസിലാവുമല്ലോ. പിന്നെന്തിനാണ് പിന്നെയും പിന്നെയും പറയുന്നത്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : അങ്ങയുടെ അനുവാദത്തോടുകൂടി ഇവിടെ പറഞ്ഞ കാര്യങ്ങളും വച്ചുകൊണ്ട് ഈ പ്രശ്നം അവസാനിപ്പിക്കണമെന്ന് അങ്ങ് റൂളിംഗ് നൽകിക്കഴിഞ്ഞതിനുശേഷം പിന്നെയും ഇങ്ങനെ ശബ്ദമുണ്ടാക്കുന്നതു ശരിയാണോ ?

ഡെപ്യൂട്ടി സ്പീക്കർ : സഭയിലെ എല്ലാ പാർട്ടി നേതാക്കൻമാരും സമ്മതിക്കുകയാണെങ്കിൽ ഈ പ്രശ്നം അവസാനിപ്പിക്കണമെന്നാണ് ഞാൻ പറഞ്ഞത്. പാർട്ടിനേതാക്കൻമാർക്കെല്ലാം വളരെ വികാരമുള്ള കാര്യമായതുകൊണ്ട് ഞാൻ ഇതിനെപ്പറ്റി റൂളിംഗ് നൽകുന്നില്ല.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി : ഇന്നലെ നടന്ന സംഭവത്തെക്കുറിച്ച് സഭാനേതാവും മറ്റു മെമ്പറന്മാരുമൊക്കെ അഭിപ്രായം പറഞ്ഞു. അങ്ങനെയാണ് അവസാനിച്ചത്. പക്ഷേ ഇന്ന് ഞങ്ങളും വിചാരിച്ചത്, ശ്രീ. ജോർജിനോട് ശ്രീ. മാഞ്ഞൂരാൻ പറഞ്ഞ കാര്യങ്ങളും അത്ര ലാഘവ ബുദ്ധിയോടുകൂടി കണക്കാക്കേണ്ടതല്ലെന്നും ഈ സഭയുടെ അന്തസ്സ് പാലിയ്ക്കത്തക്കവിധത്തിൽ ബഹുമാനപ്പെട്ട മന്ത്രി അതിന് മറുപടി പറയുമെന്നുമായിരുന്നു. എന്നാൽ ഇന്ന് അദ്ദേഹം ഇത് വളരെ ലഘുവായി ചിത്രീകരിച്ചതിൽ ഞങ്ങൾക്ക് വ്യസനമുണ്ട്. ഇതിനെസംബന്ധിച്ച് കൂടുതൽ പറയാൻ അദ്ദേഹം പുസ്തകം തിരക്കുകയാണ് ചെയ്തത്. ഇന്നലെ ചേമ്പറിൽ വച്ചും അദ്ദേഹം പുസ്തകം തുറക്കുന്ന കാര്യം ഉൽഘാടനം ചെയ്തു. പുസ്തകം നോക്കിയിട്ട് മറുപടി പറയാനാണെന്നുണ്ടെങ്കിൽ അതുകഴിഞ്ഞതിനുശേഷം മറുപടി പറഞ്ഞാൽ മതിയായിരുന്നു. അതുകൊണ്ട് ബഹുമാനപ്പെട്ട പല മെമ്പറൻമാരും പറഞ്ഞ മാതിരി മന്ത്രി ഇന്നലെ ശ്രീമാൻ ജോർജിനോടു പറഞ്ഞ വാക്കുകളും അത്ര ലഘുവായി, അത്ര നിസ്സാരമായി പറഞ്ഞ് അവസാനിപ്പിക്കത്തക്കവിധത്തിലുള്ളതല്ലെന്നും പശ്ചാത്തപിക്കേണ്ടതാണെന്നുമുള്ളത് വളരെ ഗൗരവപൂർവം ഈ സഭ മനസ്സിലാക്കുകയും ചെയ്യേണ്ടതാണ്. അങ്ങനെ ചെയ്യുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രിയും അങ്ങും ഈ കാര്യം വേണ്ടത്ര ഗൗരവത്തോടുകൂടി എടുത്ത് ഒരു തീരുമാനമെടുക്കുമെന്ന വിശ്വാസമാണ് എനിക്കുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് ചാഴിക്കാട്ട് : സർ, നമ്മുടെ സഭ വളരെ അധഃപതിച്ചു പോയിരിക്കുകയാണ്. ഈ സഭയിൽ മുൻപു നടന്ന ഒരു സംഭവം ഞാൻ പറയാം. ഞാനും സർ സീ. പി. യുമായി ഒരു വാഗ്വാദമുണ്ടായി. അതിന്റെ പിറേറ ദിവസം 'I offer my unconditional apology before this House for what I have stated yesterday.' എന്നാണ് അദ്ദേഹം പറഞ്ഞത്. ആ സർ സി. പി. രാമസ്വാമി അയ്യരുടെ ചെരുപ്പു എടുക്കാൻ പോലും യോഗ്യതയുള്ള ആളുകൾ ഇവിടെ വളരെ ചുരുക്കമാണ്.

ശ്രീ. എം. കെ. ജോർജ്ജ് : സി. പി. യുടെ ചെരിപ്പെടുത്തു ശീലിച്ചിട്ടുള്ളവർ ഇതെല്ലാം പറയും.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : സി. പി. രാമസ്വാമി അയ്യർ വളരെ വലിയ ഒരാളായിരുന്നു. അദ്ദേഹം പല കുറേങ്ങളും കുറവുകളും എല്ലാം ചെയ്തിട്ടുണ്ടെങ്കിലും വലിയ ഒരാളായിരുന്നു. അതുകൊണ്ട് മഹാമനസ്കനായ ശ്രീ. മത്തായി മാഞ്ഞൂരാൻ 'I apologise' എന്നു പറഞ്ഞാൽ ഇക്കാര്യമങ്ങു തീരും. വളരെ ഭംഗിയായി കാര്യങ്ങൾ നടക്കുകയും ചെയ്യും. I apologise, I withdraw, എന്നു പറഞ്ഞാൽ എന്തു കുഴപ്പമാണ്? മി. ജോർജ്ജിന് മനോവേദന ഉണ്ടാക്കിയ വിധത്തിൽ 'കാച്ചിക്കളയും' എന്ന അർത്ഥത്തിൽ ചിലതെല്ലാം പറഞ്ഞത് ശരിയാണോ? അങ്ങയ്ക്കു ഇത്രയും പ്രായമില്ലേ? അതുകൊണ്ട് അങ്ങ് എഴുന്നേറ്റുനിന്ന് I apologise, I withdraw എന്നു പറഞ്ഞാൽ ഈ പ്രശ്നം തീരും. മി. മാഞ്ഞൂരാൻ അങ്ങയുടെ മുമ്പിൽ ഞാൻ അപേക്ഷിക്കുകയാണ്. അങ്ങ് എഴുന്നേറ്റുനിന്ന് I apologise, I withdraw എന്ന് പറഞ്ഞാൽ ഇതങ്ങു തീരുമെന്ന്. അതാണു നല്ലതെന്ന് ഈ വയസ്സൻ അങ്ങയോട് അപേക്ഷിക്കുകയാണ്.

ഗതാഗത മന്ത്രി (ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ) : സർ സി. പി. രാമസ്വാമി അയ്യരുടെ ചെരുപ്പെടുക്കാൻ ശ്രീ. ചാഴിക്കാടൻ ഒഴിച്ചു ഞങ്ങളാരും തയ്യാറല്ല. ഞങ്ങൾക്ക് അതിന്റെ ആവശ്യവും വന്നിട്ടില്ല. ഏറ്റവും ഉയർന്ന ജനാധിപത്യമര്യാദയനുസരിച്ച് തിരഞ്ഞെടുക്കപ്പെട്ടുവന്ന ജനാധിപത്യവാദികളാണ് ഞങ്ങളെന്ന കാര്യം ഈ സഭയിൽ റിക്കാർഡ് ചെയ്യാൻവേണ്ടി ഞാൻ പറയുകയാണ്.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ഞാൻ പറഞ്ഞിട്ടുള്ളത് ആർക്കെങ്കിലും വേദനയുണ്ടാക്കിയിട്ടുണ്ടെങ്കിൽ ഞാൻ സങ്കടപ്പെടുന്നു. ഞാൻ അപ്പോളജൈസ് ചെയ്യുന്നു. ഒരു മനുഷ്യനേയും ഞാൻ വേദനിപ്പിക്കുകയില്ല. ഞാൻ സാധാരണ പറയുന്നതുപോലെ ചെരുപ്പെടുക്കുന്ന കാര്യം പറഞ്ഞു എന്നേയുള്ളൂ. പിന്നെ ആ ചെരുപ്പ് ആർക്കും എടുക്കാമായിരുന്നു. കാരണം അത്ര വലിയ ഭാരമൊന്നുമില്ലായിരുന്നു. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്. അതിൽ ആർക്കെങ്കിലും മനോവേദനയോ വിഷമമോ സങ്കടമോ ഉണ്ടായിട്ടുണ്ടെങ്കിൽ വീണ്ടും വീണ്ടും മാപ്പു ചോദിക്കുകയും ക്ഷമ ചോദിക്കുകയും ചെയ്തുകൊള്ളുന്നു. ഇതുപോലെ അങ്ങും (ശ്രീ. മത്തായി മാഞ്ഞൂരാൻ) ഒന്നു ചെയ്താൽ മതി.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ചിലപ്പോൾ സംസാരിക്കുന്നതിനിടയിൽ വികാരഭരിതനായി എന്തെങ്കിലും പറഞ്ഞെന്നുവരും. എന്നാൽ അതിനുശേഷം തെറ്റു മനസ്സിലാക്കി, ചെയ്തത് തെറ്റായിപ്പോയി എന്ന് അദ്ദേഹത്തിനു തന്നെ തോന്നിയിട്ട് അതിനുശേഷമാണോ പറയു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ]

ന്നതെന്നറിഞ്ഞാൽ കൊള്ളാം. അതല്ലാതെ വെറും ഫോർമാലിറ്റിക്കുവേണ്ടി യാണോ പറയുന്നത്?

ശ്രീ. ബി. മാധവൻനായർ: സർ, അങ്ങു വിളിച്ചുകൂട്ടിയ കമ്മിറ്റി യിൽവെച്ച് പറഞ്ഞിട്ടുള്ളത് ശ്രീമാൻ ജോർജ്ജ് ചിരിച്ചത് ബഹുമാനപ്പെട്ട മന്ത്രിയെ കളിയാക്കാൻ ആയിരുന്നില്ലെന്നും അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി അതു കണക്കിലെടുത്ത് അദ്ദേഹത്തിന്റെ പരിചയവും പക്വതയും പ്രായവും പാർലിമെന്ററി മര്യാദകളിലുള്ള അദ്ദേഹത്തിന്റെ അറിവും എല്ലാംകണക്കിലെടുത്ത് തക്കമറുപടി സഭയിൽ പറയണമെന്നാണ്. അങ്ങനെ യൊരു അഭ്യർത്ഥനയാണ് നടത്തിയിട്ടുള്ളത്. എന്നാൽ അദ്ദേഹം ഇന്നു വന്ന് ഇവിടെ ചെയ്ത പ്രസ്താവന ഈ സഭയിലെ അംഗങ്ങൾക്ക് പ്രത്യേ കിച്ചും കെ. എം. ജോർജ്ജിനും പ്രതിപക്ഷങ്ങൾക്കും അതുപോലെതന്നെ മറ്റെല്ലാ കക്ഷികൾക്കും തൃപ്തികരമായിരുന്നില്ല. അതുകൊണ്ട് ബഹു മാനപ്പെട്ട മത്തായി മാഞ്ഞൂരാൻ അദ്ദേഹത്തിന്റെ പരിചയവും അറിവും വിവേകവും എല്ലാം കണക്കിലെടുത്തുകൊണ്ട് ഇങ്ങനെയൊരു സ്ഥിതി വിശേഷം ഈ സഭയിൽ ഉണ്ടായിരിക്കുന്നതിനെ പരിഗണിച്ച് ഒന്നുകൂടി അദ്ദേഹത്തിന്റെ നില പുനഃപരിശോധന നടത്തി സഭയുടെ അന്തസ്സു നിലനിർത്തുന്നതിനും ഭംഗിയായി കാര്യങ്ങൾ നടത്തുന്നതിനും അനുകൂല മായ ഒരു തീരുമാനമെടുക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്. പ്രത്യേ കിച്ചും ശ്രീ. കെ. എം. ജോർജ്ജ് അദ്ദേഹത്തെ പരിഹസിക്കുവാനോ കളിയാക്കാനോ ആയിരുന്നില്ല ചിരിച്ചതെന്നു എടുത്തു പറഞ്ഞിരിക്കുന്ന സ്ഥിതിക്ക് പിൻവലിക്കുന്നതോടൊപ്പം ഖേദം കൂടി പ്രകടിപ്പിക്കണ മെന്നും അങ്ങനെ ഈ പ്രശ്നം അവസാനിപ്പിക്കണമെന്നും ബഹുമാനപ്പെട്ട മന്ത്രിയോടു ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: അതുകൊണ്ട് ഒരു കുറവും വരാനില്ല.

ഡെ. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിക്ക് നേരത്തെ പറഞ്ഞതിൽ കൂടുതൽ എന്തെങ്കിലും പറയാനുണ്ടോ?

തൊഴിൽ മന്ത്രി (ശ്രീ. മത്തായി മാഞ്ഞൂരാൻ): എനിക്ക് കൂടുത ലൊന്നും പറയാനില്ല.

ഡെ. സ്പീക്കർ: എനിക്ക് ഒരു ബഹുമാനപ്പെട്ട മന്ത്രിയോടൊ ഒരു ബഹുമാനപ്പെട്ട മെമ്പറോടൊ ഇന്ന തരത്തിൽ ചെയ്യണമെന്നു നിർബന്ധിക്കു വാൻ അവകാശമില്ല. പിന്നെ നിയമപരമായി എന്തു നടപടി നടത്താൻ കഴി യുമെന്നുള്ളതിനെ സംബന്ധിച്ച് പരിശോധിച്ചതിനുശേഷം മാത്രമേ എന്തെ ങ്കിലും പറയാൻ കഴിയുകയുള്ളു. അതുകൊണ്ട് I pass on to the presentation of Report, Sri Aboo.

ശ്രീ. കെ. എം. മാണി: സാദ്ധ്യമല്ല സർ. ഇതിനൊരു പരിഹാരം കാണാതെ മറ്റു നടപടികളിലേക്കു കടക്കാൻ സാദ്ധ്യമല്ല.

ശ്രീ. ഇ. ജോൺ ജേക്കബ്ബ്: ഈ പ്രശ്നം അവസാനിച്ചതിനു ശേഷം മാത്രമേ മറ്റു കാര്യങ്ങളിലേക്കു കടക്കാൻ പാടുള്ളു.

ശ്രീമതി കെ. ആർ. ഗൗരി: പോയിന്റ് ഓഫ് ഓർഡർ സർ. സാധാ രണ നിലയ്ക്ക് സ്പീക്കർ എഴുന്നേറ്റുനിന്ന് സംസാരിക്കുമ്പോഴും.....

(ശ്രീ. കെ. എം. മാണി, ശ്രീ. ജെ. എ. ചാക്കൊ, ശ്രീ. ജോൺ ജേക്കബ്ബ് തുടങ്ങിയ മെമ്പറൻമാർ എഴുന്നേറ്റുനിന്ന് 'ഞങ്ങളെ മര്യാദ ആരും പഠിപ്പി

LIBRARY ARCHIVES Kerala Legislative Assembly

ക്കേണ്ട. അതു ഞങ്ങൾ ആലോചിച്ചുകൊള്ളാം' എന്നു് ഉച്ചത്തിൽ വിളിച്ചു പറയുന്നുണ്ടായിരുന്നു.)

ഡെ. സ്പീക്കർ: ഓർഡർ, ഓർഡർ. സഭാനേതാവിനു പറയാനുള്ളതു കേൾക്കുക.

ശ്രീമതി കെ. ആർ. ഗൗരി: അതുകൊണ്ടു് ഈ ബഹളത്തിനു് ഏതെങ്കിലും വിധത്തിൽ ഒരു നിയന്ത്രണം ഉണ്ടാക്കണം. അല്ലെങ്കിൽ സഭാനടപടികൾ മുന്നോട്ടു പോകാൻ പ്രയാസമാണു്.

(ശ്രീ. കെ. ടി. ജോർജ്ജു്, ശ്രീ. ജോൺ ജേക്കബ്ബു്, ശ്രീ. കെ. എം. മാണി എന്നിവർ എഴുന്നേറ്റുനിന്നു് 'ആരുടെ കുഴപ്പം, ഇതാരാണു് ആദ്യം തുടങ്ങിവച്ചതു്' എന്നു് ഉറക്കെ ചോദിക്കുകയുണ്ടായി.)

ശ്രീ. ഇ. ജോൺ ജേക്കബ്ബു്: കഴിഞ്ഞ 22—ാം തീയതി ഇവിടെ എന്താണു നടന്നതു്? ആരാണു് അതിനു കാരണക്കാർ?

ഡെ. സ്പീക്കർ: ഓർഡർ, ഓർഡർ. ഞാൻ ഇതിനെ സംബന്ധിച്ചിടത്തോളം പരിശോധിച്ചിട്ടു് വേണ്ടതു ചെയ്യുന്നതാണു്. അടുത്തതായി ഞാൻ അബുവിനെ റിപ്പോർട്ടു പ്രസന്റു ചെയ്യാൻ ക്ഷണിക്കുകയാണു്.

ശ്രീ. കെ. കെ. അബു: സർ, സ്വകാര്യ അംഗങ്ങളുടെ ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച.....

ശ്രീ. ഇ. ജോൺ ജേക്കബ്ബു്: ഇതിനെ സംബന്ധിച്ചിടത്തോളം തീരുമാനമാകാതെ മറ്റു ഐറ്റത്തിലേക്കു് കടക്കാൻ സാദ്ധ്യമല്ല.

ശ്രീമതി കെ. ആർ. ഗൗരി: അങ്ങു് ഇതനുവദിക്കരുതു്. ശ്രീ. അബുവിനെ റിപ്പോർട്ടു പ്രസന്റു ചെയ്യാൻ അങ്ങു വിളിച്ചതാണു്.

ശ്രീ. ഇ. ജോൺ ജേക്കബ്ബു്: ഞാനും എന്തെങ്കിലും വിളിച്ചുപറഞ്ഞിട്ടു് അങ്ങു പിൻവലിച്ചേക്കാം.

ഡെ. സ്പീക്കർ: ഓർഡർ, ഓർഡർ. മി. അബു.

IV. PRESENTATION OF REPORT

REPORT OF THE COMMITTEE ON PRIVATE MEMBERS BILLS & RESOLUTIONS

ശ്രീ. കെ. കെ. അബു: സർ, സ്വകാര്യ അംഗങ്ങളുടെ ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച കമ്മിറ്റിയുടെ 1969-ലെ 12—ാമത്തെ റിപ്പോർട്ടു ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഇ. ജോൺ ജേക്കബ്ബു്: സർ, ഇതിനൊരു പരിഹാരം കാണാതെ സഭാനടപടികൾ മുന്നോട്ടു കൊണ്ടുപോകുന്നതു് സ്വീകരിക്കാൻ നിവൃത്തിയില്ല.

ശ്രീ. കെ. എം. മാണി: സർ, തൊഴിൽവകുപ്പുമന്ത്രി ഇവിടെ ചെയ്ത പ്രസ്താവന ഈ സഭയോടു ചെയ്ത അവഹേളനമാണു്. അപ്പോളജൈസു് ചെയ്യാൻ നിർവാഹമില്ലെന്നുള്ള നിലപാടാണു് മന്ത്രി സ്വീകരിച്ചിരിക്കുന്നതു്. ഈ സഭയിലെ വികാരങ്ങൾ കണക്കിലെടുത്തുകൊണ്ടു് അപ്പോളജൈസു് ചെയ്യാൻ പറഞ്ഞിട്ടു് അതിനു തയ്യാറാകാത്ത ഒരു മന്ത്രിയുടെ നട

LIBRARY ARCHIVES Kerala Legislative Assembly